A1/135/2025-CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരിക കാര്യ വകുപ്പ് - കേരള ലളിതകലാ അക്കാദമിക്ക് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി നിർവഹണത്തിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.290/2025/CLAD തീയതി,തിരുവനന്തപുരം, 20-05-2025

---

പരാമർശം:- 1. കേരള ലളിതകലാ അക്കാദമി സെക്രട്ടറിയുടെ 28.03.2025-ലെ KLKB 335/2025 നമ്പർ കത്ത്

2. 22.04.2025 -ന് കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടി ക്രമം.

**<u>ഉത്തരവ്</u>**

കേരള ലളിതകലാ അക്കാദമിക്ക് പദ്ധതി പ്രവർത്തനങ്ങൾക്കായി 2025-2026 സാമ്പത്തികവർഷം “2205-00-102-91(പ്ലാൻ)” എന്ന ശീർഷകത്തിൽ 5,75,00,000/- രൂപ (അഞ്ച് കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സ്ഥാപനത്തിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ കേരള ലളിതകലാ അക്കാദമി സെക്രട്ടറി 22.04.2025 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിച്ചിരുന്നു.

2. വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രൊപ്പോസൽ പരിഗണിക്കുകയും കേരള ലളിതകലാ അക്കാദമിക്ക് 2025-2026 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതിപ്രവർത്തനങ്ങൾക്കുള്ള പദ്ധതിച്ചെലവ് 5,50,00,000/- രൂപയായി (അഞ്ച് കോടി അൻപത് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് അംഗീകാരം നല്കുകയുമുണ്ടായി.

3. ഈ സാഹചര്യത്തിൽ, വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ച കേരള ലളിതകലാ അക്കാദമിയുടെ ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള 2025-2026 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതിപ്രവർത്തനങ്ങൾക്കുള്ള പദ്ധതിച്ചെലവ് 5,50,00,000/- രൂപയായി (അഞ്ച് കോടി അൻപത് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ. | പദ്ധതിയുടെ പേര് | ശീർഷകം | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | അവാർഡുകളും ഫെലോഷിപ്പുകളും | 2205-00-102-91 | 60 |
| 2 | കലാവിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് | 2205-00-102-91 | 15 |
| 3 | കലാക്യാമ്പുകളും സെമിനാറുകളും | 2205-00-102-91 | 105 |

| | | | |
|---|---|---|---|
| | ശില്പശാലകളും അനുബന്ധപരിപാടികളും | | |
| 4 | അക്കാദമി എജ്യുക്കേഷണൽ ഔട്ട്റിച്ച് ഇനിഷ്യേറ്റീവ് | 2205-00-102-91 | 60 |
| 5 | കലാപ്രദർശനങ്ങൾ (സംസ്ഥാന/ദേശീയ/അന്തർദേശീയ/ക്യൂറേറ്റഡ് - 5എണ്ണം) | 2205-00-102-91 | 70 |
| 6 | ഏകാംഗ/ഗ്രൂപ്പ് പ്രദർശനങ്ങൾ - ഗ്രാന്റ് | 2205-00-102-91 | 50 |
| 7 | പ്രസിദ്ധീകരണങ്ങളും ലൈബ്രറി വികസനവും | 2205-00-102-91 | 30 |
| 8 | ഡോക്യുമെന്റേഷൻ | 2205-00-102-91 | 20 |
| 9 | സ്കൂൾ ആർട്ട് ഗ്യാലറി | 2205-00-102-91 | 15 |
| 10 | കേന്ദ്രകാര്യാലയത്തിന്റെയും ഗ്യാലറികളുടെയും അടിസ്ഥാന സൗകര്യ വികസനം | 2205-00-102-91 | 65 |
| 11 | ഓൺലൈൻ മീഡിയ വികസനവും കലാവസ്തുക്കളുടെ വിപണനവും | 2205-00-102-91 | 17 |
| 12 | മറ്റിനങ്ങൾ (കലാവസ്തുക്കളുടെ സംരക്ഷണവും പരിരക്ഷയും, ഖരമാലിന്യ നിർമ്മാർജ്ജനം മുതലായവ) | 2205-00-102-91 | 18 |
| 13 | സ്ഥിര ആസ്തികൾ | 2205-00-102-91 | 20 |

| | | | |
|---|---|---|---|
| 14 | പ്രയാസം അനുഭവിക്കുന്ന കലാകാരന്മാരുടെ മക്കൾക്ക് പഠിക്കുന്നതിന് സ്കോളർഷിപ്പ് | 2205-00-102-91 | 5 |
| | **ആകെ** | | **550** |

4. ഈ പ്രവൃത്തികൾ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി കർശനമായി പാലിച്ചാവണം നിർവ്വഹിക്കേണ്ടത്:

1) ഓരോ പ്രവൃത്തിക്കും ബാധകമായ നിലവിലുള്ള നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും ഉത്തരവുകളും പാലിച്ചാവണം പദ്ധതി നിർവ്വഹണം.

2) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സമാഹരണങ്ങൾ (IT അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) സ്റ്റോഴ്സ് പർച്ചേസ് റൂൾസിനും ഐ ടി പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

3) പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയ്ക്ക് റിലീസ് ചെയ്ത് നൽകുന്നതിനുള്ള ചുമതല സാംസ്കാരിക വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.

4) സാംസ്കാരിക വകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കേണ്ടതും തുകയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള ലളിതകലാ അക്കാദമി,തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് , തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ,തിരുവനന്തപുരം
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ (പ്ലാനിംഗ് ബി /വിദ്യാ. സി) വകുപ്പ്
സാംസ്കാരിക കാര്യ (ബി) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
Date: 20-05-2025 12:13:00

സെക്ഷൻ ഓഫീസർ